നം. ഇ.ഡി.4-67709/2015/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 20/11/2017

പ്രേക്ഷകൻ

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

1. സൂപ്രണ്ട്
ജില്ലാ ആശുപത്രി
കാഞ്ഞങ്ങാട്, കാസർഗോഡ്/നിലമ്പൂർ, മലപ്പുറം/
മാനന്തവാടി, വയനാട്/ചെങ്ങന്നൂർ, ആലപ്പുഴ.
2. സൂപ്രണ്ട്
ജനറൽ ആശുപത്രി
തലശ്ശേരി, കണ്ണൂർ.
3. സൂപ്രണ്ട്
താലൂക്ക് ആസ്ഥാന ആശുപത്രി,
തളിപ്പറമ്പ്, കണ്ണൂർ.

സർ,

വിഷയം:- ആ.വ.ഡ. -ജീവനക്കാര്യം -പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന പരിശോധന -ഹാജരാകുന്നതിനായി വിടുതൽ ചെയ്യുന്നതിന് നിർദ്ദേശം നൽകുന്നത് -സംബന്ധിച്ച് -

സൂചന: കത്ത് നമ്പർ എ.എ.&വി. ഡബ്ല്യൂ.(3) 16442/2013/ജി.ഡബ്ല്യൂ, തീയതി: 03/11/2017

മേൽ സൂചന കത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന കത്തിൽ പരാമർശിച്ചിരിക്കുന്ന ക്രമ നം. 5 മുതൽ 10 വരെയുള്ള മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻമാരെ 30/11/2017 ന് രാവിലെ 9.30 ന് നിയമന പരിശോധനയ്ക്കായി പബ്ലിക് സർവ്വീസ് കമ്മീഷന്റെ പട്ടത്തുള്ള ആസ്ഥാന ഓഫീസിൽ ഹാജരാകുന്നതിന് നിർദ്ദേശിച്ചിരിക്കുന്നു. ആയതിനാൽ നിയമന ശുപാർശ കത്തിലെ മേൽ വിലാസം തെളിയിക്കുന്ന തിരിച്ചറിയൽ രേഖയുമായി നിയമന പരിശോധനയ്ക്ക് ഹാജരാകണമെന്ന് അറിയിക്കുന്നു. ബന്ധപ്പെട്ട സൂപ്രണ്ടുമാർ ടി വ്യക്തികളെ ടി വിവരം യഥാസമയം അറിയിക്കുകയും ക്രമ നം. 7,10 എന്നിവരുടെ സർവ്വീസ് രേഖകളിലെ ന്യൂനതകൾ പരിഹരിച്ച് പകർപ്പ് ലഭ്യമാക്കേണ്ടതുമാണ്. മേൽ നടപടികൾക്കായി സൂചന കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി

ഉള്ളടക്കം:-
സൂചന കത്ത്

പകർപ്പ്-
1. ഫയൽ/കരുതൽ ഫയൽ.

ജിആർആർ-20/11

0493408 GOVERNMENT OF KERALA

"ഭരണഭാഷ - മാതൃഭാഷ"

വെബ്സൈറ്റ്:www.keralapsc.gov.in
ഇ-മെയിൽ : kpsc@keralapsc.org
ഫോൺ: 0471-2546414

# കേരള പബ്ലിക് സർവീസ് കമ്മീഷൻ

തിരുവനന്തപുരം
നമ്പർ: AA & VW (3)16442/2013/GW
തീയതി.: 03.11.2017

From
The Secretary,
Kerala Public Service Commission,
Pattom, Thiruvananthapuram.

To
The Director,
Directorate of Health Services,
General Hospital Junction,
Thiruvananthapuram - 695035

സർ,

വിഷയം:- നിയമന പരിശോധന – ഉദ്യോഗസ്ഥർ ഹാജരാകുന്നത് – സംബന്ധിച്ച്.

സൂചന:- (1)14.12.2010 തീയതിയിലെ 41/2010/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.
(2) 21.04.2017 തീയതിയിലെ EF3-2695/15/DHS നമ്പർ കത്ത്.
(3) 26.08.2017 തീയതിയിലെ EF4-62911/14/DHS നമ്പർ കത്ത്.
(4) 14.09.2017 തീയതിയിലെ EF4-18354/14/DHS നമ്പർ കത്ത്.
(5) 07.10.2017 തീയതിയിലെ ED4-81228/17/DHS നമ്പർ കത്തുകൾ.
(6) 20.10.2017 തീയതിയിലെ EF3-2695/15/DHS നമ്പർ കത്ത്.

****

സൂചന (1)-ലെ ഉത്തരവ് പ്രകാരം ഭാവിയിലുള്ള എല്ലാ പി.എസ്.സി. നിയമനങ്ങളിലും പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ട് കൂടി വാങ്ങിയ ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് ഉത്തരവായിരുന്നു. സർവ്വീസ് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നതിന് മുന്നോടിയായി, താങ്കളുടെ വകുപ്പിൽ ജോലി ചെയ്യുന്നതും സർവ്വീസ് റെഗുലറൈസ് ചെയ്യപ്പെടേണ്ടതുമായ താഴെപ്പറയുന്ന **11** ഉദ്യോഗസ്ഥരുടെ സർവ്വീസ് വെരിഫിക്കേഷൻ **30.11.2017** തീയതി **9.30 am**-ന് നടത്തുവാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

| Sl. No. | Name | Designation | Date | Time |
|---|---|---|---|---|
| 1. | SHILA.K.P | Radiographer Gr.II | 30.11.2017 | 9.30 am |
| 2 | RENJU.P.R | Dental Hygienist Gr.II | 30.11.2017 | 9.30 am |

| | | | | |
|---|---|---|---|---|
| 3 | ARYA.V.S | Dental Hygienist Gr.II | 30.11.2017 | 9.30 am |
| 4 | HARIPRIYA.K.P | Optometrist Gr.II | 30.11.2017 | 9.30 am |
| 5 | PRADEEP PROTHASIS | Medical Record Librarian Gr.II | 30.11.2017 | 9.30 am |
| 6 | RATHISH K BALAN | Medical Record Librarian Gr.II | 30.11.2017 | 9.30 am |
| 7 | GANA JAYANAND | Medical Record Librarian Gr.II | 30.11.2017 | 9.30 am |
| 8 | NEETHU.G.P | Medical Record Librarian Gr.II | 30.11.2017 | 9.30 am |
| 9 | PRAVEEN KUMAR.C.P | Medical Record Librarian Gr.II | 30.11.2017 | 9.30 am |
| 10 | GEETHU SREEDHARAN | Medical Record Librarian Gr.II | 30.11.2017 | 9.30 am |
| 11 | SALINI M.N | Radiographer Gr.II | 30.11.2017 | 9.30 am |

***ടി ഉദ്യോഗസ്ഥന് പ്രസ്തുത തീയതിയിലും സമയത്തും സർവ്വീസ് വെരിഫിക്കേഷന് വേണ്ടി പി.എസ്.സി.യുടെ പട്ടത്തുള്ള ആസ്ഥാന ഓഫീസിൽ ഹാജരാകണമെന്ന നിർദ്ദേശം അടിയന്തിരമായി നൽകേണ്ടതാണ്.*** വെരിഫിക്കേഷൻ സമയത്ത് നിയമനശിപാർശാ കത്തിലെ മേൽവിലാസം തെളിയിക്കുന്നതിനായി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള താഴെപ്പറയുന്ന **തിരിച്ചറിയൽ രേഖകളിലേതെങ്കിലും ഒന്നും, ജോലി ചെയ്യുന്ന വകുപ്പിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ള പക്ഷം ആയതും കൂടി** നിർബന്ധമായും വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കണമെന്ന് വ്യക്തമായ നിർദ്ദേശം നൽകേണ്ടതാണ്. **നിയമനശിപാർശാകത്തിലെ മേൽവിലാസവും തിരിച്ചറിയൽ രേഖയിലെ മേൽവിലാസവും വ്യത്യസ്തമാണെങ്കിൽ ടി മേൽവിലാസങ്ങളിലെ വ്യക്തി ഒരാൾ തന്നെയെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ/വില്ലേജ് ഓഫീസർ നൽകിയത്)** ഹാജരാക്കണമെന്നുകൂടി നിർദ്ദേശം നൽകേണ്ടതാണ്.

1. ഇലക്ഷൻ കമ്മീഷൻ നൽകിയ വോട്ടർ ഐഡൻറിറ്റി കാർഡ്.
2. ദേശസാത്കൃത ബാങ്കുകൾ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക്
3. ഡ്രൈവിംഗ് ലൈസൻസ്
4. പാസ്പോർട്ട്
5. അഡ്വക്കേറ്റ് ആയി എൻറോൾ ചെയ്തവർക്ക് ബാർ കൗൺസിൽ നൽകുന്ന ഫോട്ടോ പതിച്ച ഐഡൻറിറ്റി കാർഡ്
6. സാമൂഹ്യക്ഷേമ വകുപ്പ് വികലാംഗർക്കു നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്

7. കേരള സംസ്ഥാനത്തിലെ സർവ്വകലാശാല ജീവനക്കാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡൻറിറ്റി കാർഡ്

8. വിമുക്ത ഭടന്മാരുടെ ഡിസ്ചാർജ് സർട്ടിഫിക്കറ്റ്/ജില്ലാ സൈനിക ക്ഷേമ ഓഫീസർ വിമുക്ത ഭടന്മാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡൻറിറ്റി കാർഡ്

9. മോട്ടോർ വാഹന വകുപ്പ് നൽകുന്ന കണ്ടക്ടർ ലൈസൻസ്

10. കേന്ദ്ര ഗവൺമെൻറ് നൽകുന്ന ആധാർ കാർഡ്

11. വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന ഫോട്ടോ പതിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്

12. ഷെഡ്യൂൾഡ് ബാങ്കുകൾ/ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്/ ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക്

മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ നിയമനവുമായി ബന്ധപ്പെട്ട പി.എസ്.സിയുടെ നിയമന ശിപാർശാകത്തിന്റെയും നിയമന ഉത്തരവിന്റെയും നിയമനാധികാരി സാക്ഷ്യപ്പെടുത്തിയ പകർപ്പ് അയച്ചുതന്നിട്ടില്ലെങ്കിൽ വെരിഫിക്കേഷൻ തീയതിയ്ക്കു മുൻപ് ലഭിക്കത്തക്കവണ്ണം അയച്ചുതരേണ്ടതാണ്.

## സർവ്വീസ് രേഖകളിലെ ന്യൂനതകൾ

1. ദന്തൽ ഹൈജീനിസ്റ്റായ രഞ്ജു.പി.ആർ, ആര്യ.വി.എസ് എന്നീ ജീവനക്കാരുടെ സർവ്വീസ് ബുക്കിലെ അഡ്വൈസ് ലെറ്ററിന്റെ നമ്പരും തീയതിയും പ്രൊഫോർമയിൽ നിന്നും വ്യത്യാസപ്പെട്ടുകാണുന്നു.
2. മെഡിക്കൽ റക്കോർഡ് ലൈബ്രേറിയനായ പ്രദീപ് പ്രോത്താസിന്റെ പ്രൊഫോർമയിൽ ജോയിനിംഗ് തീയതി രേഖപ്പെടുത്തിയിട്ടില്ല.
3. ടി തസ്തികയിലെ ഗാനാ ജയാനന്ദിന്റെ സർവ്വീസ് ബുക്കിൽ അഡ്വൈസ് ലെറ്ററിന്റെ നമ്പരും തീയതിയും രേഖപ്പെടുത്തിയിട്ടില്ല.
4. ടി തസ്തികയിലെ മറ്റൊരു ജീവനക്കാരിയായ ഗീതാ ശ്രീധരന്റെ സർവ്വീസ് ബുക്കിന്റെ പേജിൽ ജോലിയിൽ പ്രവേശിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ റേഡിയോഗ്രാഫറായ ശ്ലാഘിനി എം.എൻ ന്റെ സർവ്വീസ് രേഖകൾക്കൊപ്പം IC യുടെ കോപ്പി സമർപ്പിച്ചിട്ടില്ല. ന്യൂനതകൾ എത്രയും വേഗം പരിഹരിച്ച് വെരിഫിക്കേഷനു മുൻപായി അയച്ചു തരണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഫിജ.എ.പി
അണ്ടർ സെക്രട്ടറി
കേരള പബ്ലിക് സർവീസ് കമ്മീഷൻ
സെക്രട്ടറിയ്ക്കുവേണ്ടി